"ഭരണഭാഷ മാതൃഭാഷ"

*"കസ്റ്റഡി തിരുത്തൽ നവീകരണം പുനരധിവാസം"*

www.keralaprisons.gov.in

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം
0471-2342532
keralaprisons@gov.in

തീയതി: 28-10-2026

**സർക്കുലർ നം.: 12/2026**

ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരിൽ ചിലർ കൃത്യമായ യൂണിഫോം ധരിക്കാതെ ജയിലാസ്ഥാന കാര്യാലയത്തിൽ പ്രവേശിക്കുന്നത് ശ്രദ്ധയിൽപെടുകയുണ്ടായി. ഇന്നേ ദിവസം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ ഒരു ഉദ്യോഗസ്ഥൻ യൂണിഫോം ധരിക്കാതെ ജയിലാസ്ഥാന കാര്യാലയത്തിലെത്തി ബഹു. വകുപ്പദ്ധ്യക്ഷന്റെ മുമ്പാകെ ഹാജരാകുകയുണ്ടായി. ഇത് തികച്ചും അച്ചടക്ക ലംഘനമാണ്.

ജയിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വാണിജ്യ/വ്യാവസായിക യൂണിറ്റുകളിൽ (ഫ്രീഡം ഫുഡ് യൂണിറ്റുകൾ, ഫ്യുവൽ ഔട്ട്ലെറ്റുകൾ, മാനുഫാക്ചറിംഗ് യൂണിറ്റുകൾ മുതലായവ) ഡ്യൂട്ടി ചെയ്യുന്ന ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഔദ്യോഗിക ആവശ്യങ്ങൾക്കായി ജയിൽ ആസ്ഥാന കാര്യാലയം, മേഖലാ ഡി.ഐ.ജി ഓഫീസ് എന്നിവിടങ്ങളിൽ സന്ദർശിക്കുന്ന ജീവനക്കാർ കൃത്യമായി യൂണിഫോം ധരിച്ച മാത്രമേ പ്രസ്തുത ഓഫീസുകളിൽ പ്രവേശിക്കാൻ പാടുള്ളൂ.

ജയിലുകളിലെ എല്ലാ എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥരും തങ്ങളുടെ ഡ്യൂട്ടി സമയങ്ങളിൽ പൂർണ്ണ യൂണിഫോം ധരിക്കുന്നുണ്ടെന്നു സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്.

DINESH B
DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: 1. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്

ദക്ഷിണ മേഖല / മദ്ധ്യ മേഖല/ ഉത്തര മേഖല

2. എല്ലാ സ്ഥാപന മേധാവിമാർക്കും

3. ഗാർഡ് ഓഫീസർ, ജയിലാസ്ഥാന കാര്യാലയം

പകർപ്പ്: ടെക്നിക്കൽ സെൽ

Digitally signed by
Dinesh Bhagavathi Pillai
Date: 28-10-2026
15:10:33